# സ്കൂൾ വിപണിയിൽ

# ലൂണിയാണ് താരം...




നാടുകാണി

പത്തനംതിട്ടയുടെ കാണാക്കാഴ്ചകൾ

**കോൺടാക്ട് നമ്പർ: 9447009562 , 9544994249**

സ്കൂൾ വിപണിയിൽ ഇക്കുറി ലൂണി താരമാകുകയാണ്... വ്യത്യസ്തമായ നിറങ്ങളിൽ കുട്ടികളുടെ മനം കവരാനാണ് ഇക്കുറി ലൂണി സ്കൂൾ ബാഗുമായി പന്തളം മുളമ്പുഴയിലുള്ള നേച്ചർ ബാഗ്സ് ആൻഡ് ഫയൽസ് എന്ന കുടുംബശ്രീ സംരംഭം രംഗത്തെത്തിയിരിക്കുന്നത്.

പാവപ്പെട്ടവരെയും സാധാരണക്കാരെയും ലക്ഷ്യമിട്ട് നിലവിലുള്ള വിപണി വിലയേക്കാൾ വളരെ കുറഞ്ഞ വിലയിൽ കുട്ടികൾക്ക് സ്കൂൾ ബാഗുകൾ എത്തിക്കുകയാണ് ഈ കുടുംബശ്രീ കുടുംബിനികളുടെ ലക്ഷ്യം. വിവിധ വർണങ്ങളിലുള്ള സ്കൂൾ ബാഗുകൾ പ്രൈമറി വിദ്യാർഥികൾ മുതൽ വലിയ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർഥികളെ വരെ ആകർഷിക്കുന്ന തരത്തിലുള്ള ഗുണമേന്മയോടെയുള്ളതാണ്. കുട്ടികൾ ഭാരമുള്ള ബാഗുകൾ പേറുന്ന കാഴ്ചയുള്ള നമ്മുടെ നാട്ടിൽ ഭാരം കുറഞ്ഞ മെറ്റീരിയിൽ ഉപയോഗിച്ച് വിപണിയിലെത്തിക്കുന്ന ലൂണി സ്കൂൾ ബാഗുകൾക്ക് പ്രിയമേറും.

■ എം സുജേഷ്

2014ൽ ആരംഭിച്ച ഈ കുടുംബശ്രീ സംരംഭം പ്രസിഡന്റ് ജയലക്ഷ്മിയുടെയും സെക്രട്ടറി സുജാകുമാരിയുടെയും നേതൃത്വത്തിൽ ഇപ്പോൾ വിവിധ ഉൽപ്പന്നങ്ങൾ നിർമിക്കുന്ന യൂണിറ്റായി മാറി. ആദ്യകാലങ്ങളിൽ പേപ്പർ ബാഗുകളും ഓഫീസ് ഫയലുകളും മാത്രം നിർമിച്ച് തുടങ്ങി പിന്നീട് സംരംഭത്തിന്റ പേര് അന്വർഥമാക്കുന്ന വിധത്തിൽ പ്രകൃതിക്കിണങ്ങുന്ന മെറ്റീരിയൽസ് ഉപയോഗിച്ച് മറ്റ് സാധനങ്ങളുടെ നിർമാണത്തിലേക്ക് കടന്നു. ഇപ്പോൾ കുട്ടികൾക്ക് ലാപ്ടോപ്പ് വയ്ക്കത്തക്ക വിധത്തിലുള്ള പ്രത്യേക ബാഗുകളും നിർമിച്ച് തുടങ്ങി.

പത്തനംതിട്ട ജില്ലയിലും പരിസരപ്രദേശങ്ങളിലും പ്രകൃതിക്കിണങ്ങുന്ന തരത്തിൽ പേപ്പർ ബാഗുകളും ജീൻസ്, ജൂട്ട് ബാഗുകളും ഒക്കെ നിർമിക്കുന്ന ഈ യൂണിറ്റ് പ്രവർത്തിക്കുന്നത് പ്രസിഡന്റ് ജയലക്ഷ്മിയുടെ പന്തളം മുളമ്പുഴയിലുള്ള ലക്ഷ്മീ മന്ദിരത്തിലാണ്. അയൽക്കൂട്ടങ്ങളിൽ നിന്നുള്ള അഞ്ച് അംഗങ്ങൾ ചേർന്ന് തുടങ്ങിയ ഈ സംരംഭം ഇപ്പോൾ



• നേച്ചർ ബാഗ്സ് ആൻഡ് ഫയൽസ് കുടുംബശ്രീ സംരംഭകർ സ്കൂൾ ബാഗ് നിർമാണത്തിൽ




• കുട്ടികൾ ഭാരമുള്ള ബാഗുകൾ പേറുന്ന കാഴ്ചയുള്ള നമ്മുടെ നാട്ടിൽ ഭാരം കുറഞ്ഞ മെറ്റീരിയൽ ഉപയോഗിച്ച് വിപണിയിലെത്തിക്കുന്ന ലൂണി സ്കൂൾ ബാഗുകൾക്ക് പ്രിയമേറും

20ൽ അധികം സ്ത്രീകൾക്ക് തൊഴിലും നൽകുന്നു. കുടുംബശ്രീ സംരംഭമായതിനാൽ കനാറാബാങ്കിൽ നിന്നുള്ള സാമ്പത്തിക സഹായവും കുടുംബശ്രീ മിഷന്റെ മികച്ച പിന്തുണയും സബ്സിഡിയും മറ്റും ലഭിക്കുന്നതാണ് തളരാതെ മുന്നേറാൻ ഇവരെ സഹായിക്കുന്നത്. റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ സ്കൂൾ ബാഗ് നിർമാണത്തിൽ 10 ദിവസത്തെ പരി

യാകുന്നുണ്ട്. പേപ്പർ ബാഗ്, ഓഫീസ് ഫയൽ നിർമാണത്തിൽ ഒരു മാസത്തെ പരിശീലനവും പ്രവർത്തകർക്ക് ലഭിക്കുന്നുണ്ട്.

കഴിഞ്ഞ സീസണിൽ ശബരിമല തീർഥാടകർക്കായുള്ള തുണിസഞ്ചികളും സാനിട്ടേഷൻ പ്രവർത്തകർക്കുള്ള തൊപ്പികളും നേച്ചർ പ്രവർത്തകർ നിർമിച്ചത് ഈ മേഖലയിലെ വേറിട്ട പ്രവർത്തനമായിരുന്നു. കഴിഞ്ഞ തവണ നടന്ന ഹരിത തെരഞ്ഞെടുപ്പിൽ വളന്റിയർമാർക്കുള്ള തൊപ്പി ശുചിത്വമിഷന്റെ ഭാഗമായി നിർമിച്ച് നൽകിയത് നേച്ചർ യൂണിറ്റായിരുന്നു. പത്തനംതിട്ട, കൊല്ലം ജില്ലകളിലെ കൺസ്യൂമർഫെഡ് യൂണിറ്റുകൾ ത്രിവേണി സ്റ്റോറുകൾ വഴി സ്കൂൾബാഗുകളും ഫയലുകളും വിപണിയിലെത്തിക്കുന്നതിന് നേച്ചർ സംരംഭകരുമായി ധാരണയിലെത്തിയിട്ടുണ്ട്. സന്നദ്ധ പ്രവർത്തനം നടത്തുന്ന ക്ലബ്ബുകൾക്കും വിവിധ സന്നദ്ധ സംഘടനകൾക്കും ആവശ്യമെങ്കിൽ ഉൽപ്പന്നങ്ങൾ നൽകാൻ നേച്ചർ സംരംഭകർ ഒരുക്കമാണ്. കൂട്ടായ്മയുടെയും ഒത്തൊരുമയുടെയും വിജയവീഥികൾ തെളിച്ച് നേച്ചർ വരും വർഷങ്ങളിൽ പുതിയ പടവുകൾ കയറുന്നതിനുള്ള തയ്യാറെടുപ്പുകളിലാണ്. ലൂണി സ്കൂൾ ബാഗുകളെക്കുറിച്ച് കൂടുതൽ അറിയാൻ ഫോൺ: 9447009562, 9544994249.

■ നിർമാണത്തിന് ഉപയോഗിക്കുന്നത് പ്രകൃതിക്കിണങ്ങുന്ന വസ്തുക്കൾ

■ ശബരിമല തീർഥാടനകാലത്ത്